(സി) പരിശോധനാ ഉദ്യോഗസ്ഥർ ശേഖരിക്കുന്ന ഭക്ഷ്യസാമ്പിളുകൾ പരിശോധിക്കാൻ നിലവിൽ കേരളത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ ഭക്ഷ്യസുരക്ഷാവകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഫുഡ് ടെസ്റ്റിംഗ് ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതുകൂടാതെ പത്തനംതിട്ടയിൽ ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലാബും പ്രവർത്തിക്കുന്നു. പഴം, പച്ചക്കറി എന്നിവയിലെ കീടനാശിനികളുടെ സാന്നിധ്യം കണ്ടെത്തുന്നതിനായി കാർഷിക സർവ്വകലാശാലയുടെ പെസ്റ്റിസൈഡ് റെസിഡ്യൂ ടെസ്റ്റിംഗ് ലാബിന്റെ സേവനവും മത്സ്യസാമ്പിളുകൾ പരിശോധിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള കൊച്ചിയിലെ Centre Institute of Fisheries Technology (CIFT) ലാബിന്റെ സേവനവും ഉപയോഗപ്പെടുത്തിവരുന്നു. കൂടാതെ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇൻഡ്യ അംഗീകരിച്ചിട്ടുള്ള ഏതാനും സ്വകാര്യ ലാബുകളുടെ സേവനവും ഉപയോഗപ്പെടുത്തുവാൻ കഴിയുന്നതാണ്.

പകർച്ചപ്പനി നേരിടുന്നതിനായി നീക്കിവച്ച തുക

93 (785) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പകർച്ചപ്പനി നേരിടുന്നതിനായി ഈ സർക്കാർ അധികാരത്തിൽവന്ന നാളിതുവരെ നീക്കിവച്ച തുക എത്ര ;

(ബി) നീക്കിവെച്ച തുകയിൽ ഇതിനകം എത്ര തുക ഏതൊക്കെ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചു ; വിശദമാക്കാമോ ?

ഉത്തരം

(എ) പകർച്ചപ്പനിക്കായിമാത്രം ഒരു തുക നീക്കിവച്ചിട്ടില്ല എന്നാൽ സാംക്രമിക രോഗങ്ങളുടെ പ്രതിരോധത്തിനും നിരീക്ഷണത്തിനുംവേണ്ടി നീക്കിവച്ച തുക ചുവടെ ചേർക്കുന്നു. ഇതിൽ പനി പ്രതിരോധത്തിനും നിയന്ത്രണത്തിനുമുള്ള തുക ഉൾപ്പെട്ടിട്ടുണ്ട്.

2012-13 - 320 ലക്ഷം

2013-14 - 440 "

2014-15 - 438 "

ഇതുകൂടാതെ താൽക്കാലിക ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനായി 2013-ൽ 7.87 കോടി രൂപയും 2014-ൽ 10 കോടി രൂപയും നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എലിപ്പനി, മഞ്ഞപ്പിത്തം, കോളറ, ചിക്കൻഗുനിയ, ഡെങ്കിപ്പനി, എച്ച്1 എൻ1, കുരങ്ങുപനി, എബോള തുടങ്ങിയ പകർച്ചവ്യാധികളുടെ പ്രതിരോധത്തിനും നിയന്ത്രണത്തിനും വേണ്ടിയാണ് തുക ചെലവഴിച്ചത്. ഇതുകൂടാതെ കൊതുക് നശീകരണ പ്രവർത്തനങ്ങൾ, ബോധവത്ക്കരണം, ഗുളിക നൽകുക, സ്പ്രേയിംഗ്, ഫോഗിംഗ്, കുടിവെള്ള സ്രോതസ്സുകളുടെ ക്ലോറിനേഷൻ, കീടനാശിനി തളിക്കൽ എന്നീ പ്രവർത്തനങ്ങൾക്കും മരുന്നുകൾ, ഉപകരണങ്ങൾ, ടെസ്റ്റ് കിറ്റുകൾ എന്നിവ വാങ്ങുന്നതിനും ചിലവഴിച്ചിട്ടുണ്ട്. ഓരോ വർഷവും തുക ചിലവഴിച്ചതിന്റെ കണക്ക് ചുവടെ ചേർക്കുന്നു :

2012 -13 - 283 ലക്ഷം

2013-14 - 987 "

2014-15 - 283 " (ജനുവരി 2015 വരെയുള്ള കണക്ക്)

യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ്

94 (786) <u>ശ്രീ. എ. കെ. ബാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസിനെ സെൻട്രൽ കൗൺസിൽ ഓഫ് ഹോമിയോപ്പതി (സി.സി.എച്ച്.)-യുടെ സെക്കന്റ് ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ആയതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണ് ;

(സി) സി.സി.എച്ച്.-ന്റെ സെക്കന്റ് ഷെഡ്യൂളിൽപ്പെടാത്തതുമൂലം യൂണിവേഴ്സിറ്റിയിൽ നിന്നും പുതുതായി ബിരുദം നേടുന്നവരുടെ ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ഡി) ഇതുമൂലം പുതിയ നിയമനങ്ങളിൽ (പി.എസ്.സി., എംപ്ലോയ്മെന്റ് മുഖേന ഉൾപ്പെടെ) ഇവിടെനിന്നും ബിരുദം നേടിയവർക്കുള്ള ബുദ്ധിമുട്ട് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly